"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- കേരള ഹൈക്കോടതിയിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ശ്രീ.സന്തോഷ്.ടി.ആർ, ഡി.വൈ.എസ്.പി-ക്ക് കൊച്ചി സിറ്റിയിലെ എറണാകുളം ടൗൺ സൗത്ത് പോലീസ് ക്വാർട്ടേഴ്സിൽ തുടർ താമസത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2024/2026/HOME തീയതി,തിരുവനന്തപുരം, 15-06-2026

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 25.04.2026 തീയതിയിലെ H14-71691/2026/PHQ നമ്പർ കത്ത്.

**ഉത്തരവ്**

കേരള ഹൈക്കോടതിയിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്ന ശ്രീ.സന്തോഷ് ടി ആർ ഡി.വൈ.എസ്.പി-ക്ക് കൊച്ചി സിറ്റിയിലെ എറണാകുളം ടൗൺ സൗത്ത് പോലീസ് ക്വാർട്ടേഴ്സിലെ ക്വാർട്ടർ നമ്പർ.V(a)/01 അനുവദിച്ചിരുന്നെന്നും ആയതിൽ 31-03-2026 വരെ തുടർ താമസത്തിന് അനുമതി നൽകിയിട്ടുണ്ടെന്നും ടിയാൻ പ്രസ്തുത ക്വാർട്ടേഴ്സിൽ തുടർ താമസത്തിനായി വീണ്ടും അപേക്ഷിച്ചിട്ടുണ്ടെന്നും ടി യൂണിറ്റിൽ ക്വാർട്ടേഴ്സ് ഒഴിഞ്ഞു കിടക്കുന്നതായി കൊച്ചി സിറ്റി പോലീസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ശ്രീ. സന്തോഷ് ടി.ആർ. (PEN :137306)-ന് കൊച്ചി സിറ്റിയിലെ എറണാകുളം ടൗൺ സൗത്ത് പോലീസ് ക്വാർട്ടേഴ്സിൽ 01-04-2026 മുതൽ 31-03-2027 വരെ ഒരു വർഷത്തേക്ക് കൂടി തുടർ താമസത്തിന് അനുമതി നൽകാവുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ വിഷയം സർക്കാർ പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയുടെയും ശ്രീ.സന്തോഷ്.ടിആർ -ന്റെ അപേക്ഷയുടെയും അടിസ്ഥാനത്തിൽ ശ്രീ. സന്തോഷ്.ടി ആർ (PEN 137306) ഡിവൈ.എസ്.പി- ക്ക് എറണാകുളം ടൗൺ സൗത്ത് പോലീസ് ക്വാർട്ടേഴ്സിലെ ക്വാർട്ടർ നമ്പർ V (a)/01 ൽ

**01-04-2026** മുതൽ **31-03-2027** വരെ, മറ്റ് അർഹതപ്പെട്ട അപേക്ഷകർ വന്നാൽ ക്വാർട്ടേഴ്സ് ഒഴിഞ്ഞ് നൽകണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, തുടർ താമസത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ ടി വി
അണ്ടർ സെക്രട്ടറി

1.സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം
2.പോലീസ് കമ്മീഷണർ,കൊച്ചി സിറ്റി
3.ശ്രീ.സന്തോഷ്.ടി ആർ,ഡിവൈ.എസ്.പി(പോലീസ് കമ്മീഷണർ,കൊച്ചി സിറ്റി മുഖേന)
4.ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ, ഐ& പി ആർ ഡി
5.കരുതൽ ഫയൽ(HOME-D3/74/2026-HOME )

ഉത്തരവിൻ പ്രകാരം

Signed by
Santhosh Mon T
Date: 15-06-2026 14:24:01
സെക്ഷൻ ഓഫീസർ